## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3108 21.08.2017-ൽ മറുപടിയ്ക്ക്.

## ഗ്രാമസഭാ കോർഡിനേറ്റർമാരായി സർക്കാർ ജീവനക്കാരെ മാത്രം നിയമിക്കുവാൻ നടപടി

| ചോദ്യം<br><br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്ത് രാജ് ചട്ടപ്രകാരം ഗ്രാമസഭാ കോർഡിനേറ്റർമാരായി കൃഷി, ആരോഗ്യം തുടങ്ങിയ വകുപ്പുകളിൽ നിന്നും പഞ്ചായത്തുകളിലേക്ക് നിയോഗിച്ച ജീവനക്കാർ ഗ്രാമസഭ വിളിച്ച് ചേർക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും പഞ്ചായത്തുകളുടെ പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പഞ്ചായത്ത് രാജ് ചട്ടപ്രകാരം ഗ്രാമസഭ വിളിച്ച് ചേർക്കുന്നത് ഗ്രാമസഭാ കോർഡിനേറ്റർ അല്ല |
| (ബി) | പഞ്ചായത്ത് രാജ് ചട്ടപ്രകാരം ലഭ്യമായ ജീവനക്കാർ ,ഗ്രാമസഭാ പ്രവർത്തനങ്ങളിൽ പങ്കെടുക്കരുതെന്ന് കൃഷിവകുപ്പും ആരോഗ്യവകുപ്പും ഇറക്കിയ ഉത്തരവുകൾ ചട്ടപ്രകാരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ചട്ടപ്രകാരമല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ പുനപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | അത്തരം ഒരു ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (സി) | ഗ്രാമസഭാ കോർഡിനേറ്റർമാരായി സർക്കാർ ജീവനക്കാരെ മാത്രം നിയമിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ സർക്കാർ ജീവനക്കാരെ മാത്രമാണ് ഗ്രാമസഭാ കോർഡിനേറ്റർമാരായി നിയമിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ